കേരളത്തിലെ റെയിൽവേ വികസനത്തിന് റെയിൽവേ ബഡ്ജറ്റിൽ വകയിരുത്തിയ തുക

132 [2561] ശ്രീ. ബി. വിജയകുമാർ :
,, എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന്റെ അതിർത്തിക്കുള്ളിൽ ലൈൻ ഇരട്ടിപ്പിക്കൽ, പുതിയ ലൈൻ നിർമ്മിക്കൽ, ലൈൻ ഇലക്ട്രിഫിക്കേഷൻ. റെയിൽവേ സ്റ്റേഷൻ നവീകരണം, മേൽപ്പാലം എന്നീ പണികൾക്ക് വേണ്ടി വിനിയോഗിക്കുന്നതിന് റെയിൽവേ നീക്കിവച്ച തുകയെത്രയാണ്;

(ബി) ലൈൻ ഇരട്ടിപ്പിക്കൽ, പുതിയ ലൈൻ നിർമ്മിക്കൽ, ലൈൻ ഇലക്ട്രിഫിക്കേഷൻ എന്നിവയുടെ ഒരോന്നിന്റെയും പണി പൂർത്തിയാക്കാനാവശ്യമായ തുക റെയിൽവേ ബഡ്ജറ്റിൽപ്പെടുത്തിയിരുന്നുവോ;

(സി) ഇല്ലെങ്കിൽ ഈ വർഷമെങ്കിലും ഈ പണികൾ പൂർത്തിയാക്കത്തക്ക വിധത്തിൽ റെയിൽവേ ബഡ്ജറ്റിൽ തുക ചേർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

റെയിൽവേ വികസനത്തിനുള്ള സ്ഥലമെടുപ്പ്

133 [2562] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ബി. വിജയകുമാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, ലൂഡി ലൂയിസ്:
,, എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) റെയിൽവേ വികസനത്തിനായി ഇപ്പോൾ എവിടെയെല്ലാം സ്ഥലമെടുപ്പ് നടത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലം റെയിൽവേ അഡ്മിനിസ്ട്രേഷനെ എൽപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly